

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**01 MAY 2020**

**07 RAMADAN 1441 AH**

# THE VALUE OF FASTING IN ISLAM & REVELATIONS FROM ALLAH
# ഇസ്ലാമിലെ വ്രതാനുഷ്ഠാനത്തിന്റെ മൂല്യങ്ങൾ!

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിലെ വ്രതാനുഷ്ഠാനത്തിന്റെ മൂല്യങ്ങൾ!** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

മുംസ്ലികളെ സംബന്ധിച്ചിടത്തോളം അനുഗ്രഹീത റമദാൻ അല്ലാഹുവിൽ നിന്നുള്ള ഒരു സൗമനസ്യത്തിന്റെ അടയാളമാകുന്നു. പക്ഷേ അത്, അതിന്റെ യഥാർത്ഥ അർത്ഥതലത്തിൽ കണക്കിലെടുക്കുമ്പോൾ മാത്രമേ അതിന്റെ പൂർണ്ണമായ നേട്ടം കൈവരിക്കുവാൻ സാധിക്കൂ. അങ്ങനെയല്ലായെങ്കിൽ അതുകൊണ്ട് ഒരു ഗുണവും നേടുവാൻ സാധിക്കില്ല. റമദാൻ, റമദാൻ എന്ന് വീമ്പു പറഞ്ഞിട്ട് ഒരു കാര്യവുമില്ല. റമദാൻ എന്തെന്ന് ജനങ്ങൾ ശരിക്കും അറിഞ്ഞിരുന്നുവെങ്കിൽ വർഷം മുഴുവൻ റമദാൻ ആയിരിക്കുവാനായി അവർ ആഗ്രഹിച്ചേനെ എന്ന് ഒരു ഹദീസിൽ കാണാം.

റമദാനിലും, തുടർന്ന് ഓരോ മാസത്തിലും മൂന്നു നോമ്പു വീതവും, അനുഷ്ഠിയ്ക്കുന്നത് ഒരാളുടെ ഹൃദയത്തിലുണ്ടാകുന്ന ദുഷ്ചിന്തകളെയും, സംശയങ്ങളെയും അകറ്റുന്നതാണ് എന്ന് മറ്റൊരുഹദീസിൽ പറഞ്ഞിരിക്കുന്നു.

റമദാനിലെ വ്രതാനുഷ്ഠാനം മഹത്തായ അനുഗ്രഹങ്ങൾ ലഭ്യമാക്കുന്ന ഒന്നാണ് എന്ന് തിരിച്ചറിഞ്ഞ സഹാബാക്കൾ യുദ്ധ വേളയിൽ പോലും നോമ്പനുഷ്ഠിയ്ക്കുവാനുള്ള തയ്യാറെടുപ്പു

കൾ നടത്തിയിരുന്നു.

ശഅ്ബാൻ മാസാന്ത്യത്തിൽ തിരുനബി(സ)നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതായി ഹസ്രത്ത് സൽമാൻ (റ) റിപ്പോർട്ട് ചെയ്യുന്നു. അല്ലയോ ജനങ്ങളേ! നിങ്ങൾ അങ്ങേയറ്റം പ്രാധാന്യമർഹിയ്ക്കുന്ന ഒരു അനുഗ്രഹീത മാസത്തിലേക്ക്, ആയിരം മാസങ്ങളേക്കാൾ– ശ്രേഷ്ട പൂർണ്ണമായ ഒരു രാവ് ഉള്ള– ഒരു മാസത്തിലേക്ക് കടക്കുകയാണ്. അല്ലാഹു ഈ മാസത്തിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിലെ രാവുകളിൽ നടത്തുന്ന പ്രാർത്ഥനകൾ "സാധാരണഗതിയിൽ ചെയ്യേണ്ടതിനേക്കാൾ കൂടുതലുള്ളത്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്നു. ആര് ഇത്തരം ഒരു പ്രവൃത്തി (പ്രാർത്ഥന) ചെയ്യുന്നുവോ, അവർ ഈ മാസമൊഴികെയുള്ള മറ്റു മാസങ്ങളിൽ നടത്തുന്ന നിർബന്ധ പ്രാർത്ഥനകളുടെ പ്രതിഫലത്തിന് തുല്യമായ പ്രതിഫലം നേടുന്നു. ഈ മാസത്തിൽ നടത്തുന്ന ഒരു നിർബന്ധ പ്രാർത്ഥന (പ്രവൃത്തി) റമദാനൊഴികെയുള്ള മാസങ്ങളിൽ നടത്തുന്ന 70 നിർബന്ധ പ്രാർത്ഥനയ്ക്ക് (പ്രവൃത്തിയ്ക്ക്) തുല്യം ആകുന്നു. ഇത് ക്ഷമയുടെ മാസമാകുന്നു. ക്ഷമയുടെ പ്രതിഫലം സ്വർത്തിലേക്കുള്ള പ്രവേശനമാണ്. ഇതൊരു പരസ്പരം ആശ്വാസത്തിന്റെ മാസമാണ്. വിശ്വാസിയ്ക്ക് നല്കുന്ന ഉപജീവനം വർദ്ധിപ്പിക്കുന്ന മാസമാണ് റമദാൻ. ഒരു വ്രതാനുഷ്ഠാനക്കാരന് നോമ്പ് മുറിയ്ക്കാൻ വേണ്ടി എന്തെങ്കിലും നല്കുന്നത്, അവന്റെ (കൊടുക്കുന്നവന്റെ) പാപങ്ങൾ പൊറുത്തു കൊടുക്കപ്പെടുന്നതിനും, നരകത്തിൽ നിന്നുള്ള രക്ഷയ്ക്കും കാരണമാകുന്നു. ഇതിനുള്ള പ്രതിഫലം, അവൻ സ്വയമേവ (നോമ്പനുഷ്ഠാനം മുഖേന) നേടിയെടുത്ത പ്രതിഫലത്തിൽ നിന്നും ഒട്ടും കുറയ്ക്കാതെ തന്നെ പൂർണ്ണമായി ലഭിക്കുന്നതാണ്.

ഇതു കേട്ടുകൊണ്ടിരുന്ന സഹാബാക്കൾ പറഞ്ഞു. അല്ലയോ! അല്ലാഹുവിന്റെ പ്രവാചകരേ! ഞങ്ങൾക്കെല്ലാവർക്കും നോമ്പ് അനുഷ്ഠിയ്ക്കുന്നവരെ നോമ്പ് മുറിയ്ക്കുവാൻ എന്തെങ്കിലും (ഇഫ്താർ) നല്കുന്നതിനുള്ള സാഹചര്യമില്ലല്ലോ.

അപ്പോൾ തിരുനബി(സ) അവരോട് ഇങ്ങനെ പറഞ്ഞു.

ഇഫ്താർ എന്നത് വിശാലമായ വിഭവസമൃദ്ധമായ വിരുന്നല്ല അർത്ഥമാക്കുന്നത്. ഒരു കാരക്കയോ അല്പം ജലമോ നല്കുന്നതുപോലും അല്ലാഹു ഈ പ്രതിഫലം നല്കുന്നതിന് ഇടയാക്കുന്നതാണ്.

**ഈ മാസത്തെ 10 ദിനങ്ങൾ വീതമുള്ള മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

1. ആദ്യത്തെ 10 ദിനങ്ങൾ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളുടേതാണ്.
2. രണ്ടാമത്തെ 10 ദിനങ്ങൾ അല്ലാഹുവിൽ നിന്നുള്ള പാപപ്പൊറുതിയുടേതാണ്.
3. മൂന്നാമത്തേതും അവസാനത്തേതുമായ പത്ത് ദിനങ്ങൾ നരകശിക്ഷയിൽ നിന്നുള്ള മോചനത്തിന്റേതാകുന്നു.

ഈ മാസത്തിലുടനീളം, കഴിയുന്നത്ര തുടർച്ചയായി ചെയ്യേണ്ട നാലുകാര്യങ്ങളുണ്ട്. അവയിൽ രണ്ടെണ്ണം അല്ലാഹുവിന്റെ പ്രീതികാംഷിച്ചു കൊണ്ടുള്ളതാകുന്നു.

1. ശഹാദത്ത് കലിമ ചൊല്ലുക (അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി ആരുമില്ല എന്ന് സാക്ഷ്യം വഹിക്കുക)
2. അല്ലാഹുവിനോട് നിരന്തരം പൊറുക്കലിനെ തേടിക്കൊണ്ടിരിക്കുക.

മറ്റു രണ്ടെണ്ണം നിങ്ങൾ നിങ്ങൾക്കായി കരുതേണ്ടതാണ്.

1. സ്വർഗ്ഗ പ്രവേശനം സാധ്യമാക്കുന്നതിനായി അല്ലാഹുവിനോട് യാചിക്കുക.
2. നരകശിക്ഷയിൽ നിന്നും രക്ഷനേടുവാനായി പ്രാർത്ഥിയ്ക്കുക.

ഈ നാലുകാര്യങ്ങളും കൂടി ഒറ്റവാചകത്തിൽ പറയുകയാണെങ്കിൽ ഇപ്രകാരമാണ്.

ലാ ഇലാഹ ഇല്ലല്ലാഹ്, അസ്തഗ്ഫിറുല്ലാഹ്, അസ്അലുകൽ ജന്ന, വ അഊദുബിക മിനന്നാർ.

വ്രതാനുഷ്ഠാനം എന്നത് സുഖാനുഭവ വർജ്ജനമാണ് (ഇംസാക്) ഔന്നത്യം ഉയർത്തലാണ് (റിഫാഅ്) വ്രതാനുഷ്ഠാനം മറ്റെല്ലാ ആരാധനകളിൽ നിന്നും ഒരുപടി ഉയർന്നു നില്ക്കുന്നു. അല്ലാഹു(ത) വ്രതാനുഷ്ഠാനത്തെ മറ്റ് അനുഷ്ഠാനങ്ങളുമായി താരതമ്യം ചെയ്യാൻ പറ്റാത്ത വിധത്തിൽ ഉയർത്തിയിരിക്കുന്നു. വ്രതാനുഷ്ഠാനം അതിന്റേതായ രീതിക്ക് പൂർത്തിയാക്കിയവനുള്ള പ്രതിഫലം അല്ലാഹുതന്നെയാണ്. എല്ലാ അർത്ഥത്തിലും വ്രതം അല്ലാഹുവിനുള്ളതാണ് എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു.

വ്രതാനുഷ്ഠാനമെന്നത് ഒരു കർമ്മമല്ല. മറിച്ച്, ഒരു കർമ്മത്തെ തിരസ്ക്കരിക്കലാണ്. കാരണം അതിനെ മറ്റൊന്നിനോടും താരതമ്യം ചെയ്യാൻ പറ്റാത്ത നിലയിൽ അല്ലാഹു ഉയർത്തിയിരിക്കുന്നു. അതിനോട് മറ്റൊന്നിനേയും താരതമ്യം ചെയ്യാനാവില്ല തന്നെ. അത് അല്ലാഹുവിനുള്ളതാകുന്നു.

പരമോന്നതനായ അല്ലാഹു(ത) അവനെപറ്റി സൂറാ അശ്ശൂറായിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. അവനെപ്പോലുള്ള ഒരു വസ്തുവും ഇല്ല തന്നെ. (സൂറ അശ്ശൂറ 42:12)

തനിക്ക് പകരക്കാരനായ ഒന്ന് ഉണ്ടാകാനുള്ള സാധ്യതയെ തന്നെ അല്ലാഹു നിരാകരിക്കുന്നു. വിശുദ്ധ നിയമങ്ങളും, ബുദ്ധിയും സൂചിപ്പിക്കുന്നത് അല്ലാഹുവിനേപ്പോലുള്ള ഒരു വസ്തുവും ഇല്ലെന്നാണ്. അവനെ പോലിരിക്കുന്ന ആരുമില്ല. അവൻ തന്നയാണ്, അവൻ മാത്രമാകുന്നു ദൈവം, പങ്കാളിയില്ലാത്തവൻ, അവൻ അല്ലാഹു ആകുന്നു. അതുതന്നെയാണ് എല്ലാം.

അബൂ ഉമാമയുടെ വാക്കുകളെ നസായി റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്. ഞാൻ അല്ലാഹുവിന്റെ ദൂതരെ (സ) സമീപിച്ച് അവിടുത്തോട് ചോദിക്കുകയുണ്ടായി. അങ്ങയിൽ നിന്നും എനിക്ക് നേരിട്ടൊരു കല്പന നല്കിയാലും. തിരുനബി (സ) അരുളി; വ്രതാനുഷ്ഠാനം സ്വീകരിച്ചുകൊള്ളുക. കാരണം അതിനെപ്പോലെയുള്ള മറ്റൊരു ഭക്തിയാർന്ന കർമ്മവുമില്ല. അല്ലാഹു മനുഷ്യന് നിഷ്കർഷിച്ചിരിക്കുന്ന പ്രവൃത്തികളിൽ ഒന്നിനേയും നോമ്പിനോട് ഉപമിയ്ക്കാൻ കഴിയില്ല എന്ന് തിരുമേനി(സ) ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു(ത)

പറഞ്ഞത്. ആദമിന്റെ മക്കൾ ചെയ്യുന്ന പ്രവൃത്തികളെല്ലാം അവരുടേതാകുന്നു. നോമ്പൊഴികെ. കാരണം അതെന്റേതാണ്, അതിന് പ്രതിഫലം നിശ്ചയിക്കുന്നത് ഞാനാണ്.

വ്രതാനുഷ്ഠാനം ഒരു പരിചയാകുന്നു. നിങ്ങളിലൊരാൾ വ്രതമനുഷ്ഠിയ്ക്കുന്നുവെങ്കിൽ അന്നേ ദിവസം മോശം വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്നും, വഴക്കും വക്കാണവും ഉണ്ടാക്കുന്നതിൽ നിന്നും അകന്നു നില്ക്കുക. ഇനി ആരെങ്കിലും വ്രതമനുഷ്ഠിക്കുന്ന ആളെ മോശപ്പെടുത്തുകയോ, അവനോട് വഴക്കിന് വരികയോ ചെയ്യുകയാണെങ്കിൽ, ഞാൻ നോമ്പുകാരനാണ് എന്ന് പറഞ്ഞുകൊൾക. മുഹമ്മദ് നബി(സ)ന്റെ ആത്മാവ് ആരുടെ കയ്യിലാണോ ഉള്ളത് അവനെക്കൊണ്ട് (അല്ലാഹു) സത്യം, നോമ്പുകാരന്റെ വായിൽ നിന്നുള്ള ഉച്ഛ്വാസ വായുവിന്റെ ഗന്ധം, പുനഃരുത്ഥാന നാളിൽ, അല്ലാഹുവിന്റെ സന്നിധിയിൽ കസ്തൂരിയേക്കാൾ സുഗന്ധമുള്ളതായിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷമാണുള്ളത്. ഒന്ന് നോമ്പ് മുറിയ്ക്കുമ്പോൾ നോമ്പ് മുറിച്ചതിലുള്ള സന്തോഷം, രണ്ട് അവൻ തന്റെ നാഥനെ (അല്ലാഹുവിനെ) കാണുമ്പോൾ താൻ നോമ്പനുഷ്ഠിച്ചതിലുള്ള സന്തോഷം.

അവനെപ്പോലെ ഒരു വസ്തുവും  ഇല്ല എന്ന ക്രെഡിറ്റും പേറിക്കൊണ്ടാണ്, അതിന്റെ ആനുകൂല്യവും കൈക്കാലാക്കിയാണ് ഒരു നോമ്പുകാരൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാവുക. ഒരുസ്ഥലത്ത് തിരുനബി(സ) നസായിയുടെ ഹദീസിലൂടെ വ്യക്തമാക്കിയിരിക്കുന്നു. നോമ്പിനെ മറ്റൊന്നിനോടും ഉപമിയ്ക്കാനാവില്ല എന്ന്. അതേ സമയം, തന്നെ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. അവനേപ്പോലെ ഒരു വസ്തുവും ഇല്ല എന്ന്. ചുരുക്കത്തിൽ ഇവ രണ്ടും ചൂണ്ടിക്കാണിക്കുന്നത് ഒരു നോമ്പുകാരന് അനുഭവവേദ്യമാകുന്ന സന്തോഷം തന്റെ നോമ്പിനെ മറ്റൊന്നിനോടും താരതമ്യം ചെയ്യാൻ പറ്റാത്ത ഉയർന്നതലത്തിൽ അല്ലാഹു പ്രതിഷ്ഠിച്ചിരിക്കുന്നു എന്നതിലാണ് എന്നുതന്നെ.

അല്ലാഹു നോമ്പിനെ തന്നിലേക്കു തന്നെ ചേർത്തു വയ്ക്കു

ന്നു. കാരണം അതെന്റേതാകുന്നു എന്ന വചനത്തിലൂടെ അതായത്, അസ്സമദ് എന്ന ഗുണവിശേഷം സൂചിപ്പിക്കുന്നത് ഭക്ഷണത്തിന്റെ വർജനമെന്ന തലത്തിൽ നിന്നുള്ള സ്വാതന്ത്ര്യം എന്ന അർത്ഥത്തിൽ എന്റേതു മാത്രം എന്നാണ്. ഇനി ഞാൻ അല്ലാഹു(ത) ആ ഗുണവിശേഷം നിങ്ങളിലേക്ക് പകർന്നു നല്കിയാൽതന്നെ, അനുഭവജ്ഞാനത്തിനപ്പുറമുള്ള ആ ഗുണങ്ങളുടെ ഒരു ചെറിയപതിപ്പ് മാത്രമേ നിങ്ങളിലേക്ക് എത്തുകയുള്ളു. ആ ഗുണത്തിന്റെ തീക്ഷണഭാവം എന്റെ (അല്ലാഹുവിന്റെ) പ്രൗഢിക്കുമാത്രം ചേർന്നതത്രേ. ഒരു നോമ്പുകാരൻ തന്റെ നോമ്പനുഷ്ഠാനം എന്ന കർമ്മം മുഖേന നേടിയെടുത്തവനെപോലെ ഒരു വസ്തുവും ഇല്ല. അതിനെപോലെ മറ്റൊന്നുമില്ല എന്നീ അനുകൂല്യങ്ങളുമായി അവന്റെ നാഥന്റെ (അല്ലാഹുവിന്റെ) സന്നിധിയിൽ എത്തുമ്പോൾ അവനു പാരിതോഷികമായി ലഭിക്കുക അവന്റെ നാഥനെ (അല്ലാഹുവിനെ) തന്നെയാണ്. അതാണ് വ്രതാനുഷ്ഠാനത്തിനെപറ്റി പറയാനുള്ളതും, അല്ലാഹു എന്ന വിധികർത്താവ്, നോമ്പനുഷ്ഠാനത്തിന് ചില വിധിവിലക്കുകൾ പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു. നോമ്പുകാരൻ ചീത്ത വാക്കുകളിൽ നിന്നും, ചീത്തകൂട്ടുകെട്ടുകളിൽ നിന്നും, തർക്കവിതർക്കങ്ങളിൽ നിന്നും, ഉച്ചത്തിലുള്ള ചിരി, അട്ടഹാസം, പാട്ടുപാടൽ തുടങ്ങിയവയിൽ നിന്നും ഒക്കെ അകലം പാലിക്കണം. വെറുപ്പ്, വിദ്വേഷം, അസൂയ തുടങ്ങി ഈ മാസത്തിന്റെ പ്രൗഢിയ്ക്കും, പരിശുദ്ധിക്കും, പവിത്രതയ്ക്കും കളങ്കം തട്ടുന്ന തരത്തിലുള്ള എല്ലാ സംഗതികളിൽ നിന്നും അകന്നു നില്ക്കുക. ഇവിടെ അല്ലാഹു ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുവാൻ കല്പിച്ചില്ല. മറിച്ച്, ചില പ്രവൃത്തികൾ ചെയ്യുന്നതിനെ വിലക്കി. വ്രതാനുഷ്ഠാനം ഒഴിവാകൽ ആണ്. അങ്ങനെ വരുമ്പോൾ ഈ പറഞ്ഞ വിലക്കുകളും, വ്രതാനുഷ്ഠാനവും തമ്മിൽ ഏകരൂപം വരുന്നുണ്ട്, അതിനാലാണ് വ്രതമനുഷ്ഠിക്കുന്നയാൾക്ക് ചില വിധിവിലക്കുകൾ വച്ചിരിക്കുന്നത്.

എന്നിട്ട്, അവനെ ആരെങ്കിലും മോശപ്പെടുത്തുകയോ, അവനോട് വഴക്കിനു ചെല്ലുകയാണെങ്കിൽ, ഞാൻ ഒരു നോമ്പുകാര

നാണ് എന്നു പറഞ്ഞ് ഒഴിയാൻ അല്ലാഹു ആജ്ഞ നല്കിയിരിക്കുന്നു. അതായത് ആ നോമ്പുകാരൻ അവരോട് പറയണം -ഞാൻ നോമ്പുകാരനാണ് നിങ്ങളെന്നോടീ കാട്ടുന്ന മോശപ്പെടുത്തലുകളും, കുറ്റപ്പെടുത്തലുമെല്ലാം തിരസ്കരിക്കുന്ന (എന്നെ ഒരു വിധത്തിലും ബാധിക്കാത്ത) ഒരവസ്ഥയിലാണ് ഞാൻ. നിങ്ങൾ മെനക്കെടേണ്ട കാര്യമില്ല.

അല്ലാഹുവിന്റെ ആജ്ഞയുടെ പ്രഭാവത്തിൽ, നോമ്പുകാരൻ തന്റെ എതിരാളിയോട് പ്രതികരിക്കുന്നതിനുപകരം ഒരു പടി കൂടി ഉയർന്ന്, താൻ ഈ പ്രവൃത്തിക്ക് പ്രതികരിക്കുന്നതിൽ നിന്നും ഒഴിഞ്ഞു മാറുകയാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു. അതായത് അദ്ദേഹം ആരുമായും പോരിനോ, വഴക്കിനോ ഇല്ലെന്ന് സാരം, സഹീൽ ബിൻ സഅദ് വഴി കൈമാറി കിട്ടിയ ഹദീസ് മുസ്ലിം റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്.

അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞു. തീർച്ചയായും, സ്വർഗ്ഗത്തിന് അൽ-റയ്യാൻ, എന്ന പേരിൽ ഒരു വാതിൽ ഉണ്ട്. പുനഃരുത്ഥാന നാളിൽ ഈ വാതിലിലൂടെയാണ് നോമ്പുകാർ പ്രവേശിക്കുക. അവരല്ലാതെ മറ്റാരും തന്നെ അതുവഴി കടന്നുപോകില്ല. അവരോട് വിളിച്ചു പറയപ്പെടും. നോമ്പുകാർ എവിടെ? ഇതുവഴി അവർക്ക് കടന്നുപോകാം. അവസാനത്തെ നോമ്പുകാരൻ കടന്നു പോയിക്കഴിഞ്ഞാൽ അതിന്റെ വാതിലുകൾ ചേർന്നടയുന്നതും, പിന്നീടാർക്കു വേണ്ടിയും അത് തുറക്കപ്പെടുന്നതുമല്ല.

വ്രതാനുഷ്ഠാനത്തിനല്ലാതെ മറ്റൊരു കർമ്മത്തിനും ഇത്തരം ഒരു കല്പനയുള്ളതായി തിരുനബി(സ) പറഞ്ഞിട്ടില്ല. റയ്യാൻ വാതിലിനെ എടുത്ത് കാട്ടി വ്യക്തമാക്കിയതിലൂടെ തിരുനബി(സ) നോമ്പുകാർ ആരാധനാ കർമ്മങ്ങളിൽ പരിപൂർണ്ണതയിലെത്തുവാൻ കഴിയുന്നവരാണ് എന്ന് പഠിപ്പിച്ചുതരികയായിരുന്നു. അവർ (നോമ്പുകാർ) മറ്റൊന്നിനെ (ഡ്യൂപ്പിക്കേറ്റ്) പോലെയുമല്ല. ഒന്നിനെപ്പോലെ മറ്റൊന്നില്ലെങ്കിൽ അതിനർത്ഥം അത് പരിപൂർണ്ണമായത് എന്നാണല്ലോ.

വിശ്വാസത്തിൽ ഉറച്ച കാലടികളോടെ എല്ലാ ത്യാഗങ്ങളെയും സഹിച്ച് നിലകൊള്ളുന്ന ഒരു വിശ്വാസിയുടെ നില എങ്ങനെയെന്നാൽ അവൻ അല്ലാഹുവിലുള്ള വിശ്വാസമാകുന്ന പ്രഭാവലയത്താൽ ആകൃഷ്ടനാകപ്പെടുകയും, ജീവിതത്തിൽ താൻ കടന്നുപോകപ്പെടുന്ന ഏതു പരീക്ഷണഘട്ടത്തെയും സധൈര്യം നേരിടുകയും ചെയ്യുന്ന ഒരു മാനസികനില കൈവരിക്കുകയും ചെയ്ത അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്തിരിക്കും. ഈ അവസ്ഥാവിശേഷം സംജാതമാകുമ്പോൾ അവനിലെ തഖ്‌വയുടെ ഭാവം തന്നെ പുതുരൂപമാർജ്ജിക്കുന്നു. ഭക്തിപരമായ കാര്യങ്ങൾ ചെയ്യുമ്പോൾ പൊതുവേ അനുഭവപ്പെടാറുള്ള വിരക്തിയും, വൈമുഖ്യവും ഒക്കെ പൂർണ്ണമായി അവനിൽ നിന്നും അപ്രത്യക്ഷമാകുന്നു. ഇപ്പോൾ അത്തരം കാര്യങ്ങൾ ചെയ്യുന്നതിൽ അവന് തന്റെ മനസ്സിനെ നിർബന്ധിക്കേണ്ടതായി വരുന്നതേയില്ല. അതായത് ഭക്ഷണം ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ തന്റെ ഭക്തിസാന്ദ്രമായ കർമ്മങ്ങൾ ആത്മാവിനെ പരിപോഷിപ്പിക്കുവാൻ തുടങ്ങുന്നു. പുറമേ നിന്നുള്ള ഭക്ഷണം പോലെയുള്ള പോഷകങ്ങളുടെ അഭാവത്തിലും സ്വയം പിടിച്ചുനില്ക്കാൻ അവന്റെ ആത്മാവ് ശീലിക്കുന്നു. വിശ്വാസദാർഢ്യത്തിന്റെ ഔന്നത്യം സൂചിപ്പിക്കുന്ന നില, സാധാരണക്കാർക്ക് അപ്രപ്യമെന്നു തോന്നും. തീർച്ചയായും അമാനുഷികമെന്നും പറയാം. ഈ അവസ്ഥ ഒരു മനുഷ്യാത്മാവിനെ കൊണ്ടു മാത്രം നേടിയെടുക്കാനാവുന്ന ഒന്നല്ല. കാരണം, ആത്മാവിനെ പോലെ, ഈ മാതിരിയുള്ള വിശ്വാസദാർഢ്യവും, സഹനശക്തിയും അല്ലാഹുവിൽ നിന്നുള്ള ഒരു വരദാനവും, അനുഗ്രഹവുമാണ്. അത് നേടിയെടുക്കാൻ ഭാഗ്യം സിദ്ധിച്ചവർക്കു മാത്രമേ, ഈ മാതിരി ഉള്ള ഒരു യഥാർത്ഥ നോമ്പുകാരൻ ആയി മാറുവാൻ സാധിക്കുകയുള്ളൂ.

ആരാധനാകർമ്മങ്ങളുടെ അന്തഃസ്സാരവും, അവയുടെ പരമകാഷ്ടയും വ്രതാനുഷ്ഠാനം തന്നെയാകുന്നു. അത് മനുഷ്യസൃഷ്ടിയുടെ നിലനില്പിന്റെ ആത്യന്തിക ലക്ഷ്യത്തിലേക്ക് നമ്മെ കൈപിടിച്ച് നടത്തുന്നു. ഇത് ഒരു മനുഷ്യനെ, അവന്

തന്റെ ദൈവത്തോടുള്ള ഉത്തരവാദിത്തം പരിപൂർണ്ണ നിലയിൽ നിർവ്വഹിക്കുവാൻ സഹായിക്കുന്നതു പോലെ തന്നെ, തന്റെ സഹജീവിയോടുള്ള ഉത്തരവാദിത്തവും നിർവ്വഹിക്കുവാൻ സഹായിക്കുന്നു. ഈ അനുഗ്രഹീത മാസത്തിന് സാക്ഷിയായി ഇതിൽ ജീവിക്കുകയും, എന്നാൽ ഒരു ദൈവീകാനുഗ്രഹവും നേടിയെടുക്കുവാൻ കഴിയാതെ പോവുകയും ചെയ്തവർ നിർഭാഗ്യവാന്മാർ!

അല്ലാഹുവും, അവന്റെ മലക്കുകളും നമ്മിലേക്ക് ദൃഷ്ടികൾ ചായ്ക്കത്തക്കവിധത്തിൽ ആത്മാർത്ഥമായി ദുആ ചെയ്യുവാനോർക്കുക. ഈ പ്രാർത്ഥനകളെ അല്ലാഹുവിന്റെ മലക്കുകൾ ലോകമെമ്പാടും വ്യാപിപ്പിയ്ക്കും. ജമാഅത്ത് സഹീഹുൽ ഇസ്ലാം അംഗങ്ങൾ പ്രാർത്ഥനകളുടെ നിലവാരം ഉയർത്തുക തന്നെ വേണം. വ്രതാനുഷ്ഠാന കാര്യത്തിലും അത് പാലിച്ചേ മതിയാകൂ.

ആരാധനാകർമ്മങ്ങളിൽ ഹജ്ജ് കഴിഞ്ഞാൽ ഏറ്റവും ആദരണീയമായ കർമ്മം വ്രതാനുഷ്ഠാനമാകുന്നു. ഫിദ്‌യയ്ക്ക് രണ്ട് തലങ്ങൾ ഉണ്ട്. നിർബന്ധമായി നല്കേണ്ടതും, സ്വമനസ്സാലെ നല്കുന്നതും. റമദാൻ മാസത്തിൽ നരകത്തിന്റെ വാതിലുകൾ അടയ്ക്കപ്പെടുന്നു. ഇത് യഥാർത്ഥത്തിൽ മനുഷ്യന്റെ അഞ്ച് ഇന്ദ്രിയങ്ങളെ സൂചിപ്പിക്കുന്നു. ഇസ്ലാമിലെ വ്രതാനുഷ്ഠാനം പാപങ്ങൾക്കെതിരെയുള്ള ഒരു പരിചയാകുന്നു. വ്രതാനുഷ്ഠാനത്തെ അവഗണിക്കുന്നത് ഒരു വലിയ പാപവും കൊടും ചതിയുമാണ്. നിങ്ങളുടെ ചെറിയ കുട്ടികളെ കുറഞ്ഞത് രണ്ട് റക് അത്ത് എങ്കിലും തഹജ്ജൂദ് നമസ്ക്കരിയ്ക്കുവാൻ ശീലിപ്പിക്കുക. മുതിർന്ന കുട്ടികളും, യുവാക്കളും, യുവതികളും, സുന്നത്ത് അനുസരിച്ചുള്ള 4X2 റക്അത്ത് തഹജ്ജൂദ് നമസ്ക്കരിക്കുക.

**ഇന്നത്തെ എന്റെ ഖുത്തുബ അവസാനിപ്പിക്കുന്നതിനു മുമ്പായി ഈ ആഴ്ച എനിക്ക് അല്ലാഹുവിൽ നിന്നും ലഭിച്ച വെളിപാടുകൾ നിങ്ങളുമായി പങ്കുവെക്കാൻ ആഗ്രഹിക്കുന്നു. അവ ഫ്രെഞ്ചിലും, അറബിയിലും, ഇംഗ്ലീഷിലും ആയിരുന്നു. അതിന്റെ വിവർത്തനം താഴെപറയും പ്രകാരമായിരുന്നു.**

**Bismillah-ir-Rahman-ir-Rahim**

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

# DIVINE REVELATIONS

## ദിവ്യവെളിപാടുകൾ

**On Monday 27 April 2020 at 1.45pm after the Zuhr prayer (3rd day of fasting), in a state of vision (Kashaf)I heard in the Bait-ul-Zikr a voice say aloud (in French):**

**1. 2020 ഏപ്രിൽ 27 തിങ്കളാഴ്ച ഉച്ചയ്ക്ക് സുഹർ നമസ്ക്കാരാനന്തരം കശ്ഫ് അവസ്ഥയിൽ ബൈത്തുൽ ദിക്ർ-ൽ വച്ച് ഫ്രഞ്ചിൽ ഞാൻ കേട്ട വാക്കുകൾ:**

**താങ്കൾ ഈ ഭൂമിയിലെ ഖലീഫത്തുല്ലാഹ് ആകുന്നു. ഹസ്രത്ത് ആദം (അ)തന്റെ കാലത്ത് ആയിരുന്നപോലെ. ഞാൻ താങ്കളെ അനുഗ്രഹിയ്ക്കുന്നു. ഞാൻ നിന്നെ സംരക്ഷിക്കുകയും, നിനക്ക് വിജയം നല്കുകയും ചെയ്യും. ഇന്നത്തെ ദിനം അനുഗ്രഹീത ദിനം, ആളുകൾ നിന്നിൽ നിന്റെ തെറ്റുകൾ മാത്രം കാണുന്നു. എന്നാൽ നിന്നിൽ ഞാൻ നിനക്ക് എന്നോടുള്ള സ്നേഹത്തെ കാണുന്നു. പതിയെപ്പതിയെ, ഞാൻ നിന്റെ കുറവുകളെ മികവുകളാക്കി മാറ്റും. താങ്കൾ ഭൂമിയിലെ രാജാവായിരിക്കുന്നു. എന്റെ സിംഹാസനത്തിന്റെ ഭരണം (നിയന്ത്രണം) ഞാൻ നിനക്ക് പഠിപ്പിക്കും.**

**On Wednesday 29 April 2020 after the Tarawee prayers, I received the following revelation (in English) before going to bed:**

**2. 2020 ഏപ്രിൽ 29 ബുധനാഴ്ച തറാവീഹ് നമസ്കാരാനന്തരം, കിടക്കയിലേക്ക് പോകുന്നതിന് മുമ്പായി എനിക്ക് ഇംഗ്ലീഷ് ഭാഷയിൽ താഴെപറയുന്ന വെളിപാട് ലഭിക്കുകയുണ്ടായി.**

വിഭജിച്ചുകിടക്കുന്ന ലോകത്തെ ആഗോളലോകമാക്കുവാൻ, ലാ ഇലാഹ ഇല്ലല്ലാഹ് യുടെ കീഴിലാക്കുവാൻ ഖലീഫത്തുല്ലാഹ് മുഹ്‌യിദ്ദീൻ വന്നിരിക്കുന്നു. എന്റെ ഏകത്വം തിരിച്ചറിയുന്നവൻ ഏറ്റവും നല്ല മനുഷ്യൻ. ഞാൻ അവനിലേക്ക് (ഖലീഫ

ത്തുല്ലാഹ്‌യിലേക്ക്) അയച്ചതിനെ ചോദ്യം ചെയ്യാതെയും, വാദ പ്രതിവാദം നടത്താതെയും സ്വീകരിക്കുന്നവൻ നല്ല മനുഷ്യരിൽ നല്ലവൻ.


**And on Thursday 30 April 2020 at 4.35pm (6th day of fasting), I received these duahs (prayers) in Arabic and English:**

**3. 2020 ഏപ്രിൽ 30 വ്യാഴാഴ്ച വൈകുന്നേരം 4-35ന് എനിക്ക് അറബിയിലും, ഇംഗ്ലീഷിലുമായി ഇനി പറയുന്ന ദുആ കൾ ലഭിക്കുകയുണ്ടായി.**

**Rabbijalnee ghaaliban alaaghairee**
**Rabbih faznee fa-innal qawma yatta-dhu-nanee sukh-ratan.**

എന്റെ നാഥാ! എന്റെ എതിരാളികൾക്കെതിരിൽ എന്നെ നീ ശക്തിപ്പെടുത്തൂ! എന്റെ നാഥാ! ലോകമെന്നെ പരിഹസിക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്നു! എന്നെ സംരക്ഷിക്കേണമേ!

ഈ അനുഗ്രഹീത മാസമായ റമദാന്റെ അനുഗ്രഹങ്ങൾ കൊയ്തെടുക്കുവാൻ നിങ്ങൾക്ക് സാധിക്കത്തക്ക വിധത്തിൽ ഞാൻ നിങ്ങൾക്കായി ദീർഘനേരം പ്രാർത്ഥിയ്ക്കുന്നു. ഇൻശാ അല്ലാഹ്. അവൻ (അല്ലാഹു) നിങ്ങളെ ഏവരെയും അവന്റെ അനുഗ്രഹങ്ങൾ കൊണ്ട് നിറയ്ക്കുകയും, അവന്റെ കാരുണ്യ ച്ചിറകിൻ കീഴിലാക്കുകയും, അവനുമായി (അല്ലാഹുവുമായി) യഥാർത്ഥ നോമ്പുകാരനെ അവൻ ചേർത്തുവയ്ക്കുന്ന അപൂർവ്വ കാഴ്ചയ്ക്ക് സാക്ഷികളാക്കി മാറ്റുകയും ചെയ്യുമാറാകട്ടെ. ഇൻശാ അല്ലാഹ് ! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*